LIBRARY ARCHIVES Kerala Legislative Assembly

1. 2012-13 സാമ്പത്തിക വർഷം മുതൽ, കർഷകർക്ക് കമ്മീഷൻ നിശ്ചയിച്ചു വരുന്ന താരിഫ് നിരക്കിൽ (എനർജി ചാർജിന്) യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽ പ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക്, ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ട്രൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകുന്നു. ഇതിന്റെ ആനുകൂല്യം, ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് നൽകിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഏകദേശം 12 കോടിയോളം രൂപ വരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ട്രൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുക്കൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

ഫിലമെന്റ് രഹിത കേരളം പദ്ധതി

185(5344) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 250 മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതി ഇപ്പോൾ നടന്നു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ 13.3 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇവ വിതരണം ചെയ്യുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങുകയും 2021 ജനുവരി മാസം മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയും ചെയ്തിരുന്നു. 9-8-2021-ലെ കണക്കനുസരിച്ച് 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം ബൾബുകൾ വിതരണം നടത്തിക്കഴിഞ്ഞു. ഈ പദ്ധതിയുടെ രജിസ്ട്രേഷനും ബൾബുകളുടെ വിതരണവും ഇപ്പോഴും നടന്നുവരുന്നു. നിലവിലെ കണക്കനുസരിച്ച് 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ കൂടി വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതിനായി 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ 24-6-2021-ന് നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനകം ബൾബുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ

186(5345) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ ഏതൊക്കെ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വികസന ഗവേഷണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ താഴെപ്പറയുന്നു. സൗരോർജ്ജ വൈദ്യുതി ഉത്പാദനം; സൗര താപ ഉപകരണ വ്യാപനം; കാറ്റിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം; ജൈവ ഊർജ്ജ ഉത്പാദനം; പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം; പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം; ബോധവത്കരണ, പ്രചരണ പ്രവർത്തനങ്ങൾ; പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച വിഭവ പഠനം; റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) സംബന്ധിച്ച വിവര ശേഖരണവും ക്രോഡീകരണവും; റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (REC)